കോഴിക്കോട് ജില്ലയിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ വിനോദസഞ്ചാര മേഖലകൾ

69 (4010) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ രണ്ടുകൊല്ലത്തിനകം വിനോദസഞ്ചാരവകുപ്പിന്റെ കീഴിൽ പുതുതായി ഏതെങ്കിലും മേഖല തെരഞ്ഞെടുക്കുകയോ നിലവിലുള്ളവയ്ക്ക് കൂടുതൽ സൗകര്യങ്ങൾ അനുവദിക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) എത്ര തുക ഈ രണ്ടു വർഷം കോഴിക്കോട് ജില്ലയിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1. മോഡൽ റോഡ് കോഴിക്കോട്.

2. എസ്.എം. സ്ട്രീറ്റ് ഹെറിറ്റേജ് കോംപ്ലക്സ്

3. പാർക്കിംഗ് കോംപ്ലക്സ്, കോഴിക്കോട് സിറ്റി.

4. യാത്രി നിവാസ്, കോഴിക്കോട്

(സി) 1,95,20,000 രൂപ ചെലവഴിച്ച് ഒരു യാത്രി നിവാസിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്.

കാസർകോട് ജില്ലയിൽ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതി

70 (4011) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലയിൽ ടൂറിസം പ്രാധാന്യമുള്ള പ്രമുഖ സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സ്ഥലങ്ങൾ വികസിപ്പിക്കുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(സി) എങ്കിൽ അവ ഏതൊക്കെയെന്നും പൊതുമേഖലയിലാണോ സ്വകാര്യമേഖലയിലാണോ പദ്ധതി എന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ബേക്കൽ കോട്ട, റാണിപുരം, വലിയപറമ്പ്, ചന്ദ്രഗിരികോട്ട, കോട്ടഞ്ചേരി, കാപ്പിൽ, പള്ളിക്കര ബീച്ച്, വീരമല, പൊസഡിംഗ്പെ, കണ്വ തീർത്ഥ ബീച്ച് എന്നിവയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) ഉണ്ട്. വീരമല, റാണിപുരം എന്നീ കേന്ദ്രങ്ങളുടെ വികസനമാണ് ഡി.പി.ടി.സി. ഇപ്പോൾ നടപ്പിലാക്കുന്നത്. ബേക്കലിന്റെ വികസനം സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം ഡി.ടി.പി.സി.-ക്ക് ഏർപ്പെടുത്താവുന്നതാണ്.

കാസർകോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

71 (4012) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർകോട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണ് ;

(ബി) ഈ പദ്ധതികൾക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) ടൂറിസം വികസനവുമായി ബന്ധപ്പെട്ട് അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കാസർകോഡ് നഗര സൗന്ദര്യവത്ക്കരണം, ചന്ദ്രഗിരിക്കോട്ടയുടെ സംരക്ഷണം, കാറ്റാം കവല-മുട്ടോം കടവ് റോഡ് വികസനം, ടൂറിസ്റ്റ് ഫേസിലിറ്റേഷൻ കേന്ദ്രം, തലപ്പാടിയിൽ ദേശീയപാതയിൽ സ്വാഗതകമാനം നിർമ്മിക്കുക, തളങ്കരയിൽ മറൈൻ അക്വേറിയം സ്ഥാപിക്കുക എന്നിവയാണ് പ്രധാന പദ്ധതികൾ.

(ബി) 30 ലക്ഷം രൂപ.

(സി) ഉണ്ട്.

(ഡി) കാറ്റാം കവല-മുട്ടം കടവ് റോഡ് നിർമ്മാണം, പേ ആന്റ് യൂസ് ടോയ്‌ലറ്റുകളുടെ നിർമ്മാണം എന്നിവയാണ് ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുമുള്ള തുക കൈവശം വച്ച നടപടി

72 (4013) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീടുവയ്ക്കുന്നതിനുമായി വായ്പ അനുവദിക്കുന്ന പദ്ധതിക്ക് എന്തു തുകയാണ് അനുവദിച്ചതെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly